മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം

56 (1851) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ :

(എ) സംസ്ഥാനത്ത് ന്യായവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്ത് നടത്തുന്ന മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ മാവേലി മെഡിക്കൽ സ്റ്റോറുകൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്നതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് എത്ര മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും എവിടെയെല്ലാം എന്നും വ്യക്തമാക്കാമോ ;

(ഇ) പുതുതായി മാവേലി മെഡിക്കൽ സ്റ്റോറുകൾ എവിടെയെല്ലാം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) മാവേലി മെഡിക്കൽ സ്റ്റോറുകളിലേക്ക് ആവശ്യമായ ഫാർമസിസ്റ്റ്, സെയിൽസ് അസിസ്റ്റന്റ് എന്നിവരുടെ നിയമന രീതി എങ്ങനെയാണെന്ന് വിശദമാക്കാമോ ;

(ജി) നിലവിൽ മേൽപ്പറഞ്ഞ തസ്തികകളിൽ ജോലിചെയ്യുന്നവർ കരാർ അടിസ്ഥാനത്തിലാണോ ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ; എങ്കിൽ കരാർ കാലാവധി എന്നുവരെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം പ്രത്യേകമായി വിലയിരുത്തിയിട്ടില്ല.

(സി) ചുരുക്കം ചില മാവേലി മെഡിക്കൽ സ്റ്റോറുകൾ ഒഴിച്ചാൽ മൊത്തത്തിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) 33 എണ്ണം. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ഇ) അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് എല്ലാ താലൂക്ക്/ജില്ലാ ആസ്ഥാനങ്ങളിലും മാവേലി മെഡിക്കൽസ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(എഫ്&ജി) ഫാർമസിസ്റ്റിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, അപ്രന്റീസ്ഷിപ്പ് അടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും നിയമിക്കുന്നു. മാവേലി മെഡിക്കൽ സ്റ്റോറിൽ സെയിൽസ് അസിസ്റ്റന്റ് തസ്തികകയിൽ പ്രത്യേകം നിയമനം നടത്താറില്ല. കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ഫാർമസിസ്റ്റുകളുടെ നിയമന കാലാവധി ഒരു വർഷമാണ്.

പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകൾ

57 (1852) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു ;

(ബി) മാവേലി മെഡിക്കൽ സ്റ്റോറുകളിൽ വിലയിൽ എത്ര ശതമാനം കിഴിവാണ് നൽകുന്നത് ;

(സി) ഇത്തരം മാവേലിസ്റ്റോറുകൾ പുതുതായി തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; ഇവ അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ?

ഉത്തരം

(എ) എട്ട്.

(ബി) പരാമാവധി ചില്ലറ വിൽപ്പന വിലയേക്കാൾ (എം. ആർ. പി) 10 ശതമാനം മുതൽ 30 ശതമാനം വരെ വില കുറച്ചാണ് വിൽക്കുന്നത്.

(സി) കൂടുതൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാൻ ഉദ്ദേശമുണ്ട്. പ്രതിദിനം 10,000 രൂപയിൽ കുറയാത്ത വിറ്റുവരവ് സാദ്ധ്യത, അനുയോജ്യമായ കെട്ടിടത്തിന്റെ ലഭ്യത എന്നീ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന സ്ഥലങ്ങളാണ് ഇതിലേയ്ക്ക് പരിഗണിക്കുന്നത്.

മാവേലി മെഡിക്കൽ സ്റ്റോറുകൾ

58 (1853) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ :

(എ) നിലവിൽ സംസ്ഥാനത്ത് എത്ര മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഈ സ്റ്റോറുകളിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ മുരുന്നു വിൽപ്പന നടത്തിയെന്ന് അറിയിക്കാമോ ;

(സി) മാവേലി മെഡിക്കൽ സ്റ്റോറുകളിലൂടെ വിൽക്കുന്ന മരുന്നുകൾക്ക് സ്വകാര്യ മെഡിക്കൽ സ്റ്റോറുകളെ അപേക്ഷിച്ച് എത്ര ശതമാനം വിലക്കുറവ് ഉണ്ടെന്ന് അറിയിക്കാമോ ;

(ഡി) കേരളത്തിലെ താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

6. Total number of works started but not completed.

7. Total actual expenditure.

Date: Signature of the District Collector

Copy to:
Sri/Smt.....

Legislative Assembly.

അനുബന്ധം - IV

(2-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത 56 (1851)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക)

1. ഉള്ളൂർ, തിരുവനന്തപുരം
2. പഴവങ്ങാടി, തിരുവനന്തപുരം
3. കൊട്ടാരക്കര
4. കരുനാഗപ്പള്ളി
5. പുനലൂർ
6. അടൂർ
7. തിരുവല്ല
8. പാല
9. കാഞ്ഞിരപ്പള്ളി
10. തൊടുപുഴ
11. പള്ളിമുക്ക് ജംഗ്ഷൻ, എറണാകുളം
12. നോർത്ത് പറവൂർ
13. ആലുവ
14. പെരുമ്പാവൂർ
15. കായംകുളം
16. മാവേലിക്കര
17. മഞ്ചേരി
18. പെരിന്തൽമണ്ണ

LIBRARY ARCHIVES Kerala Legislative Assembly

19. തലശ്ശേരി

20. ഒറ്റപ്പാലം

21. ചെങ്ങന്നൂർ

22. ആലപ്പുഴ

23. ചങ്ങനാശ്ശേരി

24. നെയ്യാറ്റിൻകര

25. പാലക്കാട്

26. നെടുമങ്ങാട്

27. ആറ്റിങ്ങൽ

28. തിരൂർ

29. പത്തനംതിട്ട

30. തോപ്പുംപടി, എറണാകുളം

31. വൈക്കം

32. കൊയിലാണ്ടി

33. സദനം റോഡ്, എറണാകുളം

അനുബന്ധം - V

(2-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത 135 (1935)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക)

വനത്തിൽ നിന്നും ശേഖരിക്കാവുന്ന തടിയേതര വനവിഭവങ്ങളുടെ ലിസ്റ്റ്:

ക്രമനമ്പർ തടിയേതര വനവിഭവത്തിന്റെ (എം.എഫ്.പി) പേര്

എ. നിലവിലുള്ളത്

1. അവൽപ്പൊരി (വെളുത്തത്)

2. അവൽപ്പൊരി (ചെമന്നത്)

3. അടപതിയൻ കിഴങ്ങ് (ഉണക്ക)

4. ഇടംപിരി (വലംപിരി)

5. ആടലോടകവേര്

6. ഈന്തപ്പനക്കായ്

LIBRARY ARCHIVES Kerala Legislative Assembly